ച്ചിട്ടുള്ളത് അഡീഷണലായി എന്തെങ്കിലും മൈനർ ഇറിഗേഷൻ വർക്കുകളോ അതുപോലുള്ള പണികളോ ചെയ്തത് കൂടുതൽ ഭൂമി കൃഷി ചെയ്യാനും അത്യുൽപ്പാദനശേഷിയുള്ള വിത്തുപയോഗിച്ച് കൃഷി ചെയ്തത് കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കാനുമുള്ള ഇൻഫ്രാ സ്ട്രക്ച്ചർ ഉണ്ടാക്കുന്നതിനുവേണ്ടിയാണ്. മൈനർ ഇറിഗേഷൻ വർക്കുകൾ ചെയ്തത് ഒരു പൂവിൽക്കൂടുതൽ കൃഷി ചെയ്യാൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ഈ പദ്ധതി കൊടുത്തതുകൊണ്ട് പ്രയോജനമില്ല. ഇതൊക്കെ മാനദണ്ഡമായി കണക്കിലെടുത്തുകൊണ്ടാണ് ഉദ്യോഗസ്ഥൻമാർ റിപ്പോർട്ട് തരുന്നത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച സ്ഥലത്തിന്റെ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിഗണിക്കാം.

സ്വന്തമായി വീടില്ലാത്തവർക്ക് വീട് വയ ക്കാൻ സ്ഥലം

* 37 [65] ശ്രീ. റ്റി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടില്ലാത്തവർക്ക് വീടുവയ്ക്കാൻ സ്ഥലം നൽകാനുള്ള പരിപാടി എത്രമാത്രം പുരോഗമിച്ചു എന്നു പറയാമോ;

(ബി) സ്വന്തമായി വീടില്ലാത്ത എത്ര പേർ കേരളത്തിലുണ്ടെന്നു കണക്കെടുത്തിട്ടുണ്ടോ;

(സി) അവർക്ക് ഭൂമി നൽകാൻ ഇനിയും എത്രകാലം വേണ്ടിവരും എന്ന് പറയാൻ കഴിയുമോ;

(ഡി) ഈയിനത്തിൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് എന്തെങ്കിലും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എന്തെങ്കിലും സാമ്പത്തികസഹായം ഇതിനകം ലഭിച്ചിട്ടുണ്ടോ?

വിദ്യുച്ഛക്തി മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ):

(എ) ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് വീടുവയ്ക്കാൻ സ്ഥലം നൽകുന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഏകദേശം 90,000 ത്തോളം പേർക്ക് വീടുവയ്ക്കാനുള്ള സ്ഥലം വാങ്ങിയതിൽ 33,000 പേർക്ക് പ്ലോട്ടുകളായും ബാക്കി 57,000 പ്ലോട്ടുകളിൽ വീടുവച്ചും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇക്കൊല്ലം 6,000-ത്തിൽപ്പരം പേർക്കുകൂടി വീടുവയ്ക്കുന്നതിന് സ്ഥലം നൽകാൻ ഭൂമി വാങ്ങുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഏകദേശം 3.75 ലക്ഷം പേർക്ക് പുറമ്പോക്കുഭൂമിയും വനഭൂമിയും പതിച്ചുകൊടുത്തിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ഭൂപരിഷ്കരണ നിയമപ്രകാരവും പുറമ്പോക്കുഭൂമിയും കൃഷിയോഗ്യമായ വനഭൂമിയും പതിച്ചുകിട്ടാൻ സാദ്ധ്യതയില്ലാത്തവർക്കും പുറമെ, 1972-ൽ ഏതാണ്ട് മൂന്നുലക്ഷത്തോളം ഭൂരഹിത ഗ്രാമീണ തൊഴിലാളികൾ കേരളത്തിൽ ഉണ്ടെന്നാണ് കണക്ക്.

(സി) എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമായി പറയുവാൻ പ്രയാസമുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളിൽ ലഭ്യമായ പണം ഉപയോഗിച്ച് ഭൂമി നൽകിവരികയാണ് ചെയ്യുന്നത്.

(ഡി, ഇ) ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് ഭൂമി നൽകാനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിന് ഭൂമി വാങ്ങിക്കുന്നതിനുവേണ്ട തുക കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കുകയാണ് ചെയ്തത്. ഈ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

യുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്ന് ആറു കോടി രൂപയുടെ സാമ്പത്തികസഹായം ആവശ്യപ്പെട്ടിരുന്നുവെങ്കിലും സഹായമൊന്നും ഇതുവരെ ലഭിച്ചില്ല.

ശ്രീ. ടി. എ. മജീദ്: ഭൂമി വാങ്ങിച്ചുകൊടുക്കുന്ന ഈ പരിപാടി അനുസരിച്ച് പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നത എന്തു മാനദണ്ഡം വച്ചു കൊണ്ടാണ്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: പ്രത്യേകമായ മാനദണ്ഡം ലക്ഷംവീട് പദ്ധതിയനുസരിച്ചുള്ള നൂറു വീടുകളും പൂർത്തിയാക്കിയ പഞ്ചായത്തുകളെക്കാൾ മുൻഗണനയുണ്ട്. രണ്ടാമത് ഈ അപേക്ഷകളെ പരിഗണിച്ചപ്പോൾ നൂറു വീടുകളെക്കാൾ അപ്പുറത്ത് കൂടുതൽ അപേക്ഷകളുള്ള പഞ്ചായത്തുകളെക്കാൾ പരിഗണനയുണ്ട്. ആറായിരം പേർക്കേ കൊടുക്കാൻ ഒക്കുകയുള്ളൂ എന്നുള്ളതുകൊണ്ട് ഇതിൽക്കവിഞ്ഞുള്ള പരിഗണനയൊന്നുമില്ല.

ശ്രീ പി. ആർ. ഫ്രാൻസിസ്: ലക്ഷംവീട് പദ്ധതിയനുസരിച്ച് നൂറു വീടുകളെ പൂർത്തിയാക്കിയ പഞ്ചായത്തുകളെക്കും, ഭൂമി കൊടുത്താൽ വീട് പണിതുകൊടുക്കുമെന്ന് ഗവർണറിയുള്ള പഞ്ചായത്തുകളെക്കും ഈ കാര്യത്തിൽ കൂടുതൽ പരിഗണന നൽകാൻ ദയവുണ്ടാകുമോ?

ശ്രീ എം. എൻ. ഗോവിന്ദൻനായർ: അങ്ങനെയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്.

(II) SHORT NOTICE QUESTION AND ANSWER

കാർഷികമേഖലയിലെ ലോകബാങ്ക് പദ്ധതി—വാഷിംഗ്ടണിൽവെച്ച് ഡിസംബർ 20-ന് നടക്കുന്ന ചർച്ചകളെ

* 38. [1] ശ്രീ, എൻ. പി. അച്ചുതൻ ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി-തൊഴിൽ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക മേഖലയിൽ ലോകബാങ്കിന്റെ സഹായത്തോടെ ഗവൺമെന്റ് എന്ത് പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനെ സംബന്ധിച്ച് വാഷിംഗ്ടണിൽ വെച്ച് 1976 ഡിസംബർ 20 മുതൽ എന്തെങ്കിലും ചർച്ചകൾ നടക്കുന്നുണ്ടോ;

(സി) ഈ ചർച്ചകളിൽ കേരളത്തെ പ്രതിനിധീകരിച്ച് ആരൊക്കെയാണ് പങ്കെടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ഈ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണ്;

(ഇ) ഈ പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കുന്നത്?

കൃഷിയും തൊഴിലും മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): (എ) സംസ്ഥാനത്തെ തെങ്ങ്, കുരുമുളക്, കശുമാവ് എന്നീ വൃക്ഷവിളകളുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി ബൃഹത്തായ ഒരു പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി റബ്ബർ ബോർഡിന്റെ കീഴിൽ റബ്ബർ പ്രോസസിംഗ് സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി 10 ക്രംബ് റബ്ബർ ഫാക്ടറികൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഒരു വിത്തുൽപാദനകേന്ദ്രം [illegible]

LIBRARY ARCHIVES Kerala Legislative Assembly